# *വൈത്തിരി ഗ്രാമ പഞ്ചായത്ത്സി ഡി എസ്*

**സജേഷ്എസ്**

**ആമസോൺ സഹേലിറെപ്രസന്റേറ്റീവ്**

കുടുംബശ്രീസംസ്ഥാന മിഷൻജീവനക്കാരുടെ ഫീൽഡ്വിസിറ്റിന്റെ ഭാഗമായിവയനാട്ജില്ലയിലെവൈത്തിരി പഞ്ചായത്ത്സന്ദർശിച്ചു. പൂർണമായുംമലകളാൽചുറ്റപ്പെട്ടുകിടക്കുന്നതിനാലും പ്രകൃതിസൗന്ദര്യം നിറഞ്ഞു നില്കുന്നതിനാലുംവിനോദസഞ്ചാരത്തിനു ഏറെ പ്രാധാന്യമുള്ള പ്രദേശമാണ്വൈത്തിരി പഞ്ചായത്ത്. വയനാട്ജില്ലയിലെവൈത്തിരിതാലൂക്കിൽകുന്നതിടവക, ചുണ്ടേൽഎന്നീവില്ലേജുകൾഉൾക്കൊള്ളുന്നതാണ്വൈത്തിരി ഗ്രാമപ്പഞ്ചായത്തു. 47.84 ചതുരശ്രകിലോമീറ്റർചുറ്റളവുള്ള പഞ്ചായത്തിൽആകെ 14 വാർഡുകൾഉണ്ട്. 18305 പേരാണ് പഞ്ചായത്തിൽവസിക്കുന്നത്അതിൽ 8815 പുരുഷന്മാരും 9490 സ്ത്രീകളുംഉൾപ്പെടുന്നു.

വൈത്തിരി പഞ്ചായത്ത് സി ഡി എസ്നു  കീഴിലായി 220 അയൽക്കൂട്ടങ്ങൾ പ്രവർത്തിച്ചു വരുന്നു, ഇതിലൂടെ 2548 അംഗങ്ങൾ ദാരിദ്ര്യ നിർമാർജന മിഷന്റെ ഭാഗമായി പ്രവർത്തിക്കുന്നു, അതിൽ11 എസ്ടി അയൽക്കൂട്ടങ്ങളിലായി 156 അംഗങ്ങളും 17 എസ്സി അയൽക്കൂട്ടങ്ങളിലായി 246 അംഗങ്ങളുംഉണ്ട്.24 വയോജന അയൽക്കൂട്ടങ്ങളുംഒരു ഭിന്നശേഷിഅയൽക്കൂട്ടവുംസി ഡി എസിൽപ്രവർത്തിക്കുന്നുണ്ട്. ഉപജീവന പ്രവർത്തനങ്ങളുടെ ഭാഗമായി 160 ജെഎൽജികൾസി ഡി എസിൽ പ്രവർത്തിച്ചുവരുന്നുകൂടാതെ 17 ഓളംസൂക്ഷ്മസംരംഭ ഗ്രൂപ്പുകളുംസി ഡി എസിൽആരംഭിച്ചിട്ടുണ്ട്.

സി ഡി എസിൽആകെഇരുപത് സൂക്ഷ്മസംരംഭങ്ങൾ പ്രവർത്തിക്കുന്നു, സംരംഭങ്ങൾ ആരംഭിക്കുന്നതിനു മുന്നോടിയായുള്ളഎല്ലാ പരിശീലനങ്ങളുംലഭ്യമാക്കാറുണ്ട്, എന്നാൽ അധികം പേരും പരിശീലനത്തിന് എത്തുന്നില്ലരാത്രികാലങ്ങളിൽ നടക്കുന്ന പരിശീലനങ്ങളിൽ പങ്കെടുക്കാൻവിമുഖതകാണിക്കുന്നു, കുടുംബശ്രീയുടെ ഉപജീവന പ്രവർത്തനങ്ങൾ രൂപീകരിച്ചു നടപ്പിലാക്കിവരുമ്പോൾഇത്തരം

പ്രവണതകൾകാരണംഗുണഭോക്താക്കളെതിരഞ്ഞെടുക്കുന്നതിൽകാര്യക്ഷമതകുറയുന്നു. ഇതിനായിസി ഡി എസ്തലത്തിൽ നിന്നുംവിവരങ്ങൾശേഖരിച്ച സൂക്ഷ്മസംരംഭ മേഖലയിൽഏതുതരത്തിലുള്ള പോളിസിരൂപീകരിക്കണംഅത്എങ്ങനെ നടപ്പിലാക്കണംഎന്നുള്ളകൃത്യമായവിശകലനത്തോടുകൂടിഉള്ളറിപ്പോർട്ട്മുകൾതട്ടിലേക്ക് കൈമാറുകയുംഅത് അനുസരിച്ചു പോളിസിരൂപീകരണത്തിൽമാറ്റംവരുത്താവുന്നതുമാണ്.കൂടാതെഗോത്ര വിഭാഗക്കാരെസംരംഭ മേഖലയിലേക്കുഎത്തിക്കുന്നതിനായിട്രൈബൽഉത്പന്നങ്ങൾ ബ്രാൻഡ്ചെയ്തുവിപണിയിൽഇറക്കാവുന്നതാണ്.

വൈത്തിരിസി ഡി എസ്ഒരുകാർഷിക പ്രദേശമായതിനാൽതന്നെ സംഘകൃഷി ഗ്രൂപ്പുകൾസജീവമാണ്, മേഖലയിലെകുടുംബങ്ങൾ അധികവുംകൃഷിയുമായി ബന്ധപ്പെട്ടാണ്ജീവിക്കുന്നത്അതുകൊണ്ട്തന്നെ കൃഷിയുമായി ബന്ധപ്പെട്ട് കുടുംബശ്രീ നൽകുന്ന
സാമ്പത്തികസഹായങ്ങൾസ്വീകരിക്കാൻഅവർസന്നദ്ധരാവുന്നു.ഒരുതവണസംഘകൃഷി ഗ്രൂപ്പുകൾരൂപീകരിക്കുകയും പിന്നീട്അഫിലിയേഷൻ പുതുക്കാതെവരുന്ന പ്രവണതകൾകാണാറുണ്ട്.ഇതിനു പ്രധാന കാരണംഒറ്റതവണഅഫിലിയേഷൻ പുതുക്കുന്ന രീതിയാണ് നിലവിലുള്ളത് എന്ന ധാരണയാണ്, അതുകൊണ്ട്തന്നെ തുടർന്നുള്ളവർഷങ്ങളിൽഅഫിലിയേഷൻ പുതുക്കാത്ത ഗ്രൂപ്പുകൾക്സാമ്പത്തികസഹായംലഭ്യമാക്കാൻകഴിയാതെവരുന്നു. ഇത്തരം പ്രവണതകളെമറികടക്കാനായിസി ഡി എസ്തലത്തിൽഅഫിലിയേഷൻ പുതുക്കുന്നതിനുള്ളക്യാമ്പെയ്നുകൾസംഘടിപ്പിക്കാവുന്നതാണ്.

ഗോത്ര ജനവിഭാഗങ്ങൾതാരതമ്മ്യേന കൂടുതലായിവസിക്കുന്ന മേഖലയാണ്വൈത്തിരി. പതിനൊന്നുഎസ്ടിഅയൽക്കൂട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ട്ഇതിനായി അനിമേറ്റർമാരുടെസേവനം കുടുംബശ്രീ ഉപയോഗിക്കുന്നു. എന്നാൽ അനിമേറ്റർമാരുടെ പ്രവർത്തനം കാര്യക്ഷമമല്ല,അതുകൊണ്ടുതന്നെ അനിമേറ്റേഴ്സിനു നൽകുന്ന ഹോണറേറിയംഎഡിഎസ്നു നൽകുകയാണെങ്കിൽഗോത്ര മേഖലയിൽ പ്രവർത്തനം കൂടുതൽകാര്യക്ഷമമാക്കാൻകഴിയുംഎന്നതാണ്സി ഡി എസ് ഭരണസമിതിയുടെഅഭിപ്രായം.ഇത്തരം നിർദേശങ്ങളെ പരിഗണിക്കുന്നതിന് മുന്നേ അനിമേറ്റേഴ്സ്ഗോത്രമേഖലയിൽ പ്രവർത്തിക്കാൻആരംഭിച്ചതുമുതൽഉണ്ടായമാറ്റത്തെ പഠന വിധേയമാക്കുകയാണ്ചെയ്യേണ്ടത്. ലഭ്യമാവുന്ന

വിവരങ്ങൾക്കനുസരിച്ചുഉചിതമായതീരുമാനങ്ങൾ എടുത്തുകൊണ്ട്മുന്നോട് പോകാവുന്നതാണ്.

കുടുംബശ്രീനൈപുണ്യവികസന മേഖലയിലെ പദ്ധതിയായദീൻദയാൽ ഉപാദ്യായ ഗ്രാമീൺ കൗശല്യയോജനയുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ സി ഡി എസിൽ നടക്കുന്നുണ്ട്എങ്കിലുംമൊബിലൈസേഷൻക്യാമ്പുകളിൽകുട്ടികൾഎത്താത്ത അവസ്ഥഉണ്ടാകുന്നുണ്ട്. ഇതിനു പ്രധാന കാരണംഇത്തരംകോഴ്സുകളിലൂടെജോലിലഭിച്ചാൽകിട്ടുന്ന പ്രതിഫലംകുറവായിരിക്കും എന്ന മനോഭാവമാണ്, ഇതിനെ മറികടക്കാനായിഅയൽക്കൂട്ടങ്ങളിൽലഘുലേഖകൾവിതരണംചെയ്യാവുന്നതാണ്. പദ്ധതിയിലൂടെലഭ്യമാക്കിയിട്ടുള്ളതൊഴിലുകളുടെഎണ്ണവുംശമ്പള നിരക്കുംകൂടാതെവിദേശത്തുതൊഴിൽലഭ്യമാക്കിയിട്ടുള്ളവിവരങ്ങളുംഅതിൽഉൾപ്പെടുത്താം.